**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 153** **12-12-2022 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യ സുരക്ഷ ഉറപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കളിൽ ആരോഗ്യത്തിന് ഹാനികരമായ രീതിയിൽ മായം ചേർക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | നല്ല ഭക്ഷണം നാടിന്റെ അവകാശം എന്ന ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാനത്ത് വിഷരഹിതവും ഗുണനിലവാരമുള്ളതുമായ ഭക്ഷ്യവസ്തുക്കളുടെ വിപണനം ഉറപ്പാക്കുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പ് സ്ഥിരമായി പരിശോധനകൾ നടത്തിവരുന്നു. ഇത്തരത്തിൽ നടത്തുന്ന പരിശോധനയുടെ ഭാഗമായി സാമ്പിളുകൾ ശേഖരിച്ച് ലാബിൽ നടത്തുന്ന പരിശോധനയിൽ ഗുണനിലവാരം ഇല്ലാത്ത ഭക്ഷ്യവസ്തു വിൽപന നടത്തിയതായി റിപ്പോർട്ട് ലഭിക്കുന്നപക്ഷം അത്തരം ഭക്ഷ്യ വസ്തുക്കൾ മാർക്കറ്റിൽ നിന്നും നീക്കം ചെയ്യുന്നതിനും, അവ ഉൽപാദിപ്പിച്ചവർക്കെതിരെയും വിറ്റവർക്കെതിരെയും പ്രോസിക്യൂഷൻ, അഡ്ജുഡിക്കേഷൻ മുതലായ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇത്തരം സ്റ്റാറ്റ്യൂട്ടറി പരിശോധനകൾക്കു പുറമെ ഓണം, റംസാൻ, ക്രിസ്മസ് തുടങ്ങിയ ആഘോഷ വേളകളിലും, ശബരിമല മണ്ഡല/ മകരവിളക്ക് മഹോത്സവം, പ്രാദേശികമായി നടക്കുന്ന ഉത്സവങ്ങൾ, കൂടിച്ചേരലുകൾ, മഴക്കാലം, വേനൽക്കാലം തുടങ്ങി പകർച്ചവ്യാധികൾ പടർന്ന് പിടിക്കുന്ന സന്ദർഭങ്ങളിലും പ്രത്യേക ഭക്ഷ്യ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തുന്നുണ്ട്. പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാരനിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായ പ്രോസിക്യൂഷൻ/ അഡ്ജുഡിക്കേഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കുന്നതിന്റെ ഭാഗമായി ഒഴിഞ്ഞ് കിടന്നിരുന്ന ഫുഡ്സേഫ്റ്റി ഓഫീസർ തസ്തികകളിൽ പി.എസ്.സി-യിൽ നിന്നും അഡ്വൈസ് ലഭ്യമായ |

മുറയ്ക്ക് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 34 പേർക്ക് നിയമന ഉത്തരവ് നൽകുകയുണ്ടായി. ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി 2021 ഏപ്രിൽ മുതൽ 2022 ഒക്ടോബർ വരെ 75230 ഭക്ഷ്യ പരിശോധനകൾ നടത്തുകയും, 11407 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധിച്ചതിൽ 583 സാമ്പിളുകൾ Unsafe ആയും 237 സാമ്പിളുകൾ Substandard ആയും, 307 സാമ്പിളുകൾ Misbranded ആയും പരിശോധനാ ഫലം ലഭ്യമായിട്ടുണ്ട്. ഈ കാലയളവിൽ 521 പ്രോസിക്യൂഷൻ കേസുകളും 830 അഡ്ജ്യൂഡിക്കേഷൻ കേസുകളും ഫയൽ ചെയ്തിട്ടുണ്ട്. കൂടാതെ 2021-22 കാലയളവിൽ ആകെ 111885 രജിസ്ട്രേഷനുകളും 28256 ലൈസൻസുകളും നൽകിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 107174 രജിസ്ട്രേഷനുകളും 23552 ലൈസൻസുകളും നൽകിയിട്ടുണ്ട്.

ഭക്ഷ്യ വിഷബാധപോലെയുള്ള അടിയന്തര സാഹചര്യങ്ങളിൽ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ 24 മണിക്കൂറും പ്രവർത്തന സജ്ജമായ Quick Response Team (QRT) എല്ലാ ജില്ലകളിലും പ്രവർത്തിച്ച് വരുന്നു. ഭക്ഷ്യസുരക്ഷ സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും പരാതി സ്വീകരിക്കുന്നതിനായി ജി.സി.സി (ഗവൺമെന്റ് കോൺടാക്ട് സെന്റർ) മുഖേന പ്രവർത്തിപ്പിച്ച് വരുന്ന ടോൾഫ്രീ നമ്പർ (1800 425 1125) സംസ്ഥാനത്ത് നിലവിലുണ്ട്.

2006 ലെ ഭക്ഷ്യസുരക്ഷാ നിയമപ്രകാരം ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, തട്ടുകടകൾ, മറ്റു ഭക്ഷ്യ ഉൽപാദന കേന്ദ്രങ്ങൾ എന്നിവയിലെ ഭക്ഷണ പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്ന തൊഴിലാളികൾക്കും ഭക്ഷ്യസംരംഭകർക്കും കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി നിഷ്കർഷിക്കുന്ന FoSTaC Training (Food Safety Training and Certification) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. ആയതിന്റെ ഭാഗമായി 2021 ഏപ്രിൽ മുതൽ 2022 നവംബർ വരെ 306 ട്രെയിനിംഗുകളിലായി ആകെ 12252 ഭക്ഷ്യ സംരംഭകർക്ക് പരിശീലനം നൽകുകയുണ്ടായി. 2022-23 കാലഘട്ടത്തിൽ 70 ട്രെയിനിംഗുകളിലായി ആകെ 2841 ഭക്ഷ്യ സംരംഭകർക്ക് പരിശീലനം നൽകുകയുണ്ടായി.

ആരാധനാലയങ്ങൾ ലഭ്യമാക്കുന്ന പ്രസാദങ്ങളുടെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനായി കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റിയുടെ “BHOG” (Blissfull Hygienic Offering to God) എന്ന പദ്ധതിയിലൂടെ സംസ്ഥാനത്തെ എല്ലാ ആരാധനാലയങ്ങൾക്കും ഭക്ഷ്യസുരക്ഷാ ലൈസൻസ്/ രജിസ്ട്രേഷൻ ലഭ്യമാക്കി വരുന്നു.

ഭക്ഷ്യ സുരക്ഷ സംബന്ധിച്ച IEC പ്രവർത്തനങ്ങളുടെ ഭാഗമായി Food Fortification, Junk Food, Licensing & Registration, Packing & Labeling, Eat Right Initiatives, Pesticides in Vegetables & Fruits, Fish, Meat & Slaughter House, Water Quality, GHP, GMP for FBOs തുടങ്ങിയ വിഷയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് KSFDC മുഖേന നിർമ്മിച്ച ഷോർട്ട് ഫിലിമുകൾ വിവിധ ദൃശ്യമാധ്യമങ്ങൾ വഴി പ്രചരിപ്പിയ്ക്കുകയും, IEC പ്രവർത്തനങ്ങളുടെ ഭാഗമായി മൊബൈൽ ലാബ് വഴി പ്രദർശിപ്പിച്ച് വരികയും ചെയ്യുന്നു. കൂടാതെ പ്രസ്തുത ഷോർട്ട് ഫിലിമുകളുടെ പകർപ്പ് (CD) സിവിൽ സപ്ലൈസ് വകുപ്പിന് ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി നൽകുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ വിദ്യാർത്ഥികളിൽ ആരോഗ്യകരമായ ഭക്ഷണശീലം വളർത്തുന്നതിനും, ഭക്ഷ്യ സുരക്ഷ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനുമായി ഭക്ഷ്യ സുരക്ഷാ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് SNF@School. 2021-22 സാമ്പത്തിക വർഷം വരെ 1603 സ്കൂളികളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കി കഴിഞ്ഞു. 2022-23 സാമ്പത്തിക വർഷത്തിൽ 500 സ്കൂളുകളിൽക്കൂടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. കേരളത്തിലെ ഗ്രാമ പഞ്ചായത്തുകളിൽ സമ്പൂർണ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച പദ്ധതിയാണ് സമ്പൂർണ ഭക്ഷ്യ സുരക്ഷാ ഗ്രാമ പഞ്ചായത്ത് പദ്ധതി. ആയതിന്റെ ഭാഗമായി ഭക്ഷ്യ സംരംഭകർ, സ്കൂൾ വിദ്യാർത്ഥികൾ, അംഗണവാടി പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, റസിഡന്റ്സ് അസോസിയേഷനുകൾ, കർഷക കൂട്ടായ്മകൾ, പൊതുജനങ്ങൾ എന്നിവർക്കിടയിൽ അവബോധ ക്ലാസുകൾ നടത്തി വരുന്നു. ഇതിന്റെ ഭാഗമായി പഞ്ചായത്തുകളിലെ ജല സ്രോതസ്സുകൾ പരിശോധിയ്ക്കുകയും, ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട IEC മെറ്റീരിയലുകൾ പഞ്ചായത്തുകൾക്ക് വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. 2017-18 കാലഘട്ടത്തിലാണ് ടി പദ്ധതി സംസ്ഥാനത്ത്

ആദ്യമായി നടപ്പിലാക്കിയത്. 433 പഞ്ചായത്തുകളിൽ ഇതിനോടകം തന്നെ ഈ പദ്ധതി നടപ്പിലാക്കി കഴിഞ്ഞു. 2022-23 സാമ്പത്തിക വർഷം 140 ഗ്രാമ പഞ്ചായത്തുകളിൽ കൂടി ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

സംസ്ഥാനത്ത് ഗുണനിലവാരമില്ലാത്തതും ലേബൽ വിവരങ്ങൾ ഇല്ലാത്തതുമായ വെളിച്ചെണ്ണ വിൽപ്പന നടത്തുന്നതായുള്ള വാർത്തകളുടെയും പരാതികളുടെയും അടിസ്ഥാനത്തിൽ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയായ "ഓപ്പറേഷൻ ഓയിൽ" -ന്റെ ഭാഗമായി 201 വെളിച്ചെണ്ണ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തി വരുന്നു. പരിശോധനാ ഫലം ലഭ്യമായ സാമ്പിളുകളിൽ സൾഫറിന്റെയോ മറ്റ് കെമിക്കലുകളുടെയോ സാന്നിധ്യം ഉള്ളതായി കണ്ടെത്തിയിട്ടില്ല.

2021 ഏപ്രിൽ മുതൽ 2022 ഒക്ടോബർ വരെയുള്ള കാലയളവിൽ ഗുണനിലവാരമില്ലാത്തതും ലേബൽ വിവരങ്ങൾ ഇല്ലാത്തതുമായ വെളിച്ചെണ്ണ വിൽപ്പന നടത്തിയ 41 സ്ഥാപനങ്ങൾക്കെതിരെ അഡ്ജ്യൂഡിക്കേഷൻ കേസുകളും, കൂടാതെ ലാബ് പരിശോധനയിൽ Unsafe ആയി പരിശോധനാ ഫലം ലഭ്യമായ 3 സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ കേസുകളും ഫയൽ ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് വില്പനയ്ക്കെത്തുന്ന മത്സ്യങ്ങളിൽ വ്യാപകമായി മായം ചേർക്കുന്നതായുള്ള വാർത്തകളുടെയും പൊതുജനങ്ങളിൽ നിന്നും ലഭ്യമായ പരാതികളുടെയും അടിസ്ഥാനത്തിൽ മത്സ്യങ്ങളിലെ മായം കണ്ടെത്തുന്നതിനായി 'ഓപ്പറേഷൻ മത്സ്യ' എന്ന ഒരു പദ്ധതിയ്ക്ക് രൂപം നൽകുകയും 2022 ഏപ്രിൽ 18 മുതൽ സംസ്ഥാന വ്യാപകമായി അന്യ സംസ്ഥാനങ്ങളിൽ നിന്നും ചെക്ക് പോസ്റ്റുകൾ വഴി സംസ്ഥാനത്തേയ്ക്ക് എത്തുന്നതുൾപ്പെടെയുള്ള മത്സ്യം പരിശോധിയ്ക്കുന്നതിന് ശക്തമായ ക്രമീകരണങ്ങൾ ഭക്ഷ്യസുരക്ഷാ വകുപ്പ് ഒരുക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയുടെ ഭാഗമായി നാളിതു വരെ 7866 മത്സ്യ പരിശോധനകൾ നടത്തുകയും, 4959 സർവ്വയിലൻസ് സാമ്പിളുകൾ ശേഖരിയ്ക്കുകയും 369 വ്യക്തികൾ/സ്ഥാപനങ്ങൾക്കെതിരെ നോട്ടീസ് നൽകുകയും 29941 കിലോ കേടായ മത്സ്യം നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് ഉടനീളം ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ബേക്കറികൾ തുടങ്ങി മാംസാഹാര വിൽപന നടത്തുന്ന സ്ഥാപനങ്ങൾ പരിശോധിക്കുന്നതിനായി രൂപീകരിച്ച ഓപ്പറേഷൻ ഷവർമ്മ എന്ന പദ്ധതിയുടെ ഭാഗമായി നാളിതുവരെ 5605 പരിശോധനകളും, ലൈസൻസില്ലാതെ പ്രവർത്തിച്ചിരുന്ന 216 സ്ഥാപനങ്ങളെ കണ്ടെത്തുകയും വൃത്തിഹീനമായ സാഹചര്യത്തിൽ പ്രവർത്തിച്ചിരുന്ന 162 സ്ഥാപനങ്ങളുടെ പ്രവർത്തനം താൽക്കാലികമായി നിർത്തി വയ്പ്പിക്കുകയും ചെയ്തിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ ലൈസൻസ് എടുക്കാതെ രജിസ്ട്രേഷൻ മാത്രം എടുത്തിരുന്ന 145 സ്ഥാപനങ്ങൾക്ക് ലൈസൻസിലേയ്ക്ക് മാറുന്നതിനുള്ള നോട്ടീസ് നൽകുകയും, മറ്റ് ന്യൂനതകൾ കണ്ടെത്തിയ 955 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും, 678 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസ് നൽകുകയും, 13,43,518/- രൂപ പിഴത്തുകയയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്.<br><br>സംസ്ഥാനത്ത് ലഭ്യമാകുന്ന ശർക്കര ഗുണനിലവാരമില്ലാത്തതാണെന്ന പരാതിയുടെ അടിസ്ഥാനത്തിൽ "ഓപ്പറേഷൻ ജാഗറി" എന്ന പേരിൽ പ്രത്യേക പരിശോധന നടത്തുകയും ആയിന്റെ അടിസ്ഥാനത്തിൽ സുരക്ഷിതമല്ലാത്ത ശർക്കര നിർമ്മിച്ചതിനും വിൽപന നടത്തിയതിനും 87 പ്രോസിക്യൂഷൻ കേസുകളും നിലവാരമില്ലാത്തവ നിർമ്മിച്ച് വിതരണ നടത്തിയതിന് 47 അഡ്ജുഡിക്കേഷൻ കേസുകളും ഫയൽ ചെയ്തിട്ടുണ്ട്. |
| (ബി) | എല്ലാ ജില്ലകളിലും സഞ്ചരിക്കുന്ന ഭക്ഷ്യ പരിശോധനാ ലാബുകൾ നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ പ്രവർത്തനം ജനങ്ങൾക്ക് വേണ്ടത്ര പ്രയോജനകരമാകുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | കേരളത്തിലെ ഭക്ഷ്യ സുരക്ഷാ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 14 ജില്ലകളിലും സഞ്ചരിക്കുന്ന ഭക്ഷ്യ പരിശോധനാ ലാബുകൾ (Food Safety on Wheels) സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്നു. ഭക്ഷണ സാധനങ്ങളുടെ പരിശോധനയ്ക്കായി എല്ലാ ജില്ലകളിലും മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകൾ ഏർപ്പെടുത്തിയ ഇന്ത്യയിലെ ആദ്യ സംസ്ഥാനമാണ് കേരളം. പൊതുജനങ്ങളിൽ നിന്നും ലഭ്യമാകുന്ന കുടി വെള്ളം, പാൽ, ഭക്ഷ്യ എണ്ണ, എന്നിവ ടി ലബോറട്ടറികളിൽ എളുപ്പത്തിൽ പരിശോധിക്കാൻ സാധിക്കുന്നു എന്നതാണ് ഇതിന്റെ പ്രത്യേകത. കൂടാതെ IEC പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുജനങ്ങൾക്ക് ബോധവൽക്കരണം നടത്തുന്നതിനും ടി ലാബുകൾ ഉപയോഗിച്ച് വരുന്നു. |
| (സി) | ഭക്ഷ്യ സുരക്ഷ ഉറപ്പാക്കാൻ നടപ്പിലാക്കിയ സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷാ ഗ്രാമപഞ്ചായത്തുകൾ എന്ന പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (സി) | കേരളത്തിലെ ഗ്രാമ പഞ്ചായത്തുകളിൽ സമ്പൂർണ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച പദ്ധതിയാണ് സമ്പൂർണ ഭക്ഷ്യ സുരക്ഷാ ഗ്രാമ |

| | | | |
|---|---|---|---|
| | ഈ പദ്ധതി കൂടുതൽ പഞ്ചായത്തുകളിലേക്ക് വ്യാപിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | | പഞ്ചായത്ത് പദ്ധതി. ആയതിന്റെ ഭാഗമായി ഭക്ഷ്യ സംരംഭകർ, സ്കൂൾ വിദ്യാർത്ഥികൾ, അംഗണവാടി പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, റസിഡന്റ്സ് അസോസിയേഷനുകൾ, കർഷക കൂട്ടായ്മകൾ, പൊതുജനങ്ങൾ എന്നിവർക്കിടയിൽ അവബോധ ക്ലാസുകൾ നടത്തി വരുന്നു. ഇതിന്റെ ഭാഗമായി പഞ്ചായത്തുകളിലെ ജല സ്രോതസ്സുകൾ പരിശോധിയ്ക്കുകയും, ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട IEC മെറ്റീരിയലുകൾ പഞ്ചായത്തുകൾക്ക് വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. 2017-18 കാലഘട്ടത്തിലാണ് ടി പദ്ധതി സംസ്ഥാനത്ത് ആദ്യമായി നടപ്പിലാക്കിയത്. 433 പഞ്ചായത്തുകളിൽ ഇതിനോടകം തന്നെ ഈ പദ്ധതി നടപ്പിലാക്കി കഴിഞ്ഞു. 2022-23 സാമ്പത്തിക വർഷം 140 ഗ്രാമ പഞ്ചായത്തുകളിൽ കൂടി ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. വരുന്ന വർഷങ്ങളിൽ കൂടുതൽ പഞ്ചായത്തുകളെ പദ്ധതിയിൽ ഉൾപ്പെടുത്തി മുഴുവൻ പഞ്ചായത്തുകളെയും ഭക്ഷ്യ സുരക്ഷാ പഞ്ചായത്തുകളാക്കി മാറ്റുക എന്നതാണ് ലക്ഷ്യം. |
| (ഡി) | കേരളത്തെ ഒരു മാതൃകാ ഭക്ഷ്യ സുരക്ഷാ സംസ്ഥാനമാക്കി മാറ്റുക എന്ന സർക്കാരിന്റെ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി നിലവിൽ എന്തെല്ലാം ഇടപെടൽ നടത്തിയിട്ടുണ്ട്; വിശദമാക്കാമോ? | (ഡി) | കേരളത്തെ ഒരു മാതൃകാ ഭക്ഷ്യ സുരക്ഷാ സംസ്ഥാനമാക്കി മാറ്റുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് വിഷരഹിതവും ഗുണനിലവാരമുള്ളതുമായ ഭക്ഷ്യവസ്തുക്കളുടെ വിപണനം ഉറപ്പാക്കുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പ് സ്ഥിരമായി പരിശോധനകൾ നടത്തി വരുന്നു. ഇത്തരം സ്റ്റാറ്റ്യൂട്ടറി പരിശോധനകൾക്കു പുറമെ ഓണം, റംസാൻ, ക്രിസ്മസ് തുടങ്ങിയ ആഘോഷ വേളകളിലും, ശബരിമല മണ്ഡല/ മകരവിളക്ക് മഹോത്സവം, പ്രാദേശികമായി നടക്കുന്ന ഉത്സവങ്ങൾ, കൂടിച്ചേരലുകൾ, മഴക്കാലം, വേനൽക്കാലം തുടങ്ങി പകർച്ചവ്യാധികൾ പടർന്ന് പിടിക്കുന്ന സന്ദർഭങ്ങളിലും പ്രത്യേക ഭക്ഷ്യ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തുന്നുണ്ട്. കൂടാതെ ഭക്ഷ്യ നിർമ്മാണ, സംഭരണ, വിതരണ സംരംഭകർ എല്ലാം തന്നെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള ലൈസൻസ്/ രജിസ്ട്രേഷൻ എടുക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിലേയ്ക്കായി ലൈസൻസ് / രജിസ്ട്രേഷൻ മേളകൾ നടത്തി വരുന്നു. ഭക്ഷ്യ സുരക്ഷാ വകുപ്പിന് കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ മൂന്ന് റീജിയണൽ അനലിറ്റിക്കൽ ലാബുകളും, പത്തനംതിട്ട ജില്ലയിൽ ഒരു ജില്ലാ ഭക്ഷ്യ പരിശോധനാ ലബോറട്ടറിയും നിലവിലുണ്ട്. കൂടാതെ കണ്ണൂർ ജില്ലയിൽ ഒരു റീജിയണൽ ലാബ് താൽക്കാലിക |

കെട്ടിടത്തിൽ നിലവിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആയത് സ്വന്തം കെട്ടിടത്തിലേയ്ക്ക് മാറുന്നതോടുകൂടി പൂർണ്ണ സൗകര്യങ്ങളോടുകൂടിയ ഒരു ഭക്ഷ്യ പരിശോധനാ ലബോറട്ടറി കൂടി സജ്ജമാകും. കൂടാതെ എല്ലാ ജില്ലകളിലും സഞ്ചരിക്കുന്ന ഭക്ഷ്യ പരിശോധനാ ലബോറട്ടറികൾ നിലവിലുള്ള ഇന്ത്യയിലെ ആദ്യ സംസ്ഥാനമാണ് കേരളം. 2006 ലെ ഭക്ഷ്യസുരക്ഷാ നിയമപ്രകാരം ഹോട്ടലുകൾ, റസ്റ്റോറൻറുകൾ, തട്ടുകടകൾ, മറ്റു ഭക്ഷ്യ ഉൽപാദന കേന്ദ്രങ്ങൾ എന്നിവയിലെ ഭക്ഷണ പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്ന തൊഴിലാളികൾക്കും ഭക്ഷ്യസംരംഭകർക്കും കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി നിഷ്കർഷിക്കുന്ന FoSTaC Training (Food Safety Training and Certification) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. ആരാധനാലയങ്ങൾ ലഭ്യമാക്കുന്ന പ്രസാദങ്ങളുടെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനായി കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റിയുടെ “BHOG” (Blissfull Hygienic Offering to God) എന്ന പദ്ധതിയിലൂടെ സംസ്ഥാനത്തെ എല്ലാ ആരാധനാലയങ്ങൾക്കും ഭക്ഷ്യസുരക്ഷാ ലൈസൻസ്/ രജിസ്ട്രേഷൻ ലഭ്യമാക്കി വരുന്നു.

സംസ്ഥാനത്തെ വിദ്യാർത്ഥികളിൽ ആരോഗ്യകരമായ ഭക്ഷണശീലം വളർത്തുന്നതിനും, ഭക്ഷ്യ സുരക്ഷ സംബന്ധിച്ച് അവബോധം സൃഷ്ടി ക്കുന്നതിനുമായി ഭക്ഷ്യ സുരക്ഷാ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് Safe and Nutritious Food@School (SNF@School). ഷവർമ്മ നിർമ്മാണത്തിലും, വിൽപനയുമായി ബന്ധപ്പെട്ട് വൃത്തിയും സുരക്ഷയും ഉറപ്പാക്കുന്നതിലേയ്ക്കായി മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

കേരളത്തിലെ ഗ്രാമ പഞ്ചായത്തുകളിൽ സമ്പൂർണ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനു വേണ്ടി 2018-19 കാലഘട്ടത്തിൽ ആവിഷ്കരിച്ച പദ്ധതിയാണ് സമ്പൂർണ ഭക്ഷ്യ സുരക്ഷാ ഗ്രാമ പഞ്ചായത്ത്. ആയതിന്റെ ഭാഗമായി ഭക്ഷ്യ സംരംഭകർ, സ്കൂൾ വിദ്യാർത്ഥികൾ, അംഗണവാടി പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, റസിഡന്റ്സ് അസോസിയേഷനുകൾ, കർഷക കൂട്ടായ്മകൾ, പൊതുജനങ്ങൾ എന്നിവർക്കിടയിൽ അവബോധ ക്ലാസുകൾ നടത്തി വരുന്നു. ഇതിന്റെ ഭാഗമായി പഞ്ചായത്തുകളിലെ ജല സ്രോതസ്സുകൾ പരിശോധിയ്ക്കുകയും, ഭക്ഷ്യ സുരക്ഷയുമായി

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട IEC മെറ്റീരിയലുകൾ പഞ്ചായത്തുകൾക്ക് വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ